ഗ്രാമ പഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ നടപടി

82 [2514] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഇലക്ഷൻ നടക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേയും ഒഴിവുള്ള സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് എന്നീ തസ്തികകൾ നികത്തണമെന്ന് ഇലക്ഷൻ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നുവോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ എത്ര സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലാർക്ക് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ അടിയന്തിരമായി ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഒഴിവുകൾ നികത്തണമെന്ന് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ ആവശ്യപ്പെട്ടിരുന്നു. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം നടത്തുന്നത് 19545/05 നമ്പർ റിട്ട് പെറ്റീഷനിൽ ഹൈക്കോടതി സ്റ്റേ ചെയ്തത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെഡ് ക്ലാർക്ക്, സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് തസ്തികകളിലേക്കുള്ള ഉദ്യോഗക്കയറ്റം, 1551/04 നമ്പർ റിട്ട് അപ്പീലിലെ ഉത്തരവു പ്രകാരം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിൽ 61-ഉം, സെക്രട്ടറി തസ്തികയിൽ 52-ഉം, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 54-ഉം, ഹെഡ് ക്ലാർക്ക് തസ്തികയിൽ 12-ഉം ഒഴിവുകൾ നിലവിലുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

ജനസംഖ്യാടിസ്ഥാനത്തിൽ ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭജനം

83 [2515] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല തദ്ദേശഭരണ സ്ഥാപനങ്ങൾ ജനസംഖ്യാടിസ്ഥാനത്തിൽ വിഭജിക്കുന്നതിന് സർക്കാർ തീരുമാനിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly